പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1827 — 12.06.2019-ലെ മറുപടിക്ക്

# റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | റാന്നിയിലെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ എത്ര സർവീസുകളാണ് നിലവിലുള്ളതെന്നും ഇതിനായി എത്ര ബസ്സുകളാണുള്ളതെന്നും അവിടെ എത്ര ജീവനക്കാരുടെ തസ്തിക ഒഴിവുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും 18 ഷെഡ്യൂളുകൾ നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. 19 KSRTC ബസ്സുകളും, 2 KURTC ബസ്സുകളും ലഭ്യമാണ്.<br>റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ 17 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നിലവിലുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>ഡ്രൈവർ - 28<br>കണ്ടക്ടർ - 17 + (10 താൽക്കാലികം)<br>മെക്കാനിക്ക് - 9<br>ജൂനിയർ അസിസ്റ്റന്റ് - 1 (താൽക്കാലികം)<br>ഇൻസ്പെക്ടർ - 1<br>ഗാർഡ് - 3<br>നിലവിൽ കെ.എസ്.ആർ.ടി.സി.യിലെ തസ്തികകളിലെ ഒഴിവ് നിർണ്ണയിച്ചിട്ടില്ല. ആയതിനാൽ ജീവനക്കാരുടെ ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത ഓപ്പറേറ്റിംഗ് സെന്റർ അടച്ചു പൂട്ടുന്നതിനായി കെ.എസ്.ആർ.ടി.സി. അധികൃതർ സ്വീകരിക്കുന്ന നടപടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാരിന്റെ അംഗീകാരത്തോടെയാണോ ഇത്തരം ജനദ്രോഹനയങ്ങൾ സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | റാന്നി ഓപ്പറേറ്റിംഗ് സെന്റർ അടച്ചു പൂട്ടുന്നതിനായി കെ.എസ്.ആർ.ടി.സി. നടപടികൾ സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സെന്റർ ആരംഭിച്ച ശേഷം എത്ര ബസ്സുകൾ മറ്റ് സ്റ്റേഷനുകളിലേക്ക് കൊണ്ടുപോയിട്ടുണ്ട് ; ഇവ തിരികെ എത്തിക്കണമെന്ന് സ്ഥലം എം.എൽ.എ. ആവശ്യപ്പെട്ടതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) യും (ഡി) യും | റാന്നി ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങിയതിനു ശേഷം അധികമായി 4 ബസുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ബസുകൾ കഴിഞ്ഞ് അധികമായ സ്പെയർ ബസുകൾ വന്നതിനാൽ രണ്ട് ബസുകൾ സ്ഥിരമായി മാറ്റുകയും, താൽക്കാലികമായി സർവ്വീസ് നടത്തുന്നതിന് 3 ബസുകൾ പത്തനാപുരം ഡിപ്പോയ്ക്കും, 1 ബസ് പത്തനംതിട്ട ഡിപ്പോയ്ക്കും നൽകിയിട്ടുള്ളതാണ്. ബഹു: എം.എൽ.എ നൽകിയ കത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട യൂണിറ്റ് ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സിയിൽ സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയെക്കാൾ കൂടുതലായതിനാൽ അന്തിമ റിപ്പോർട്ട് അനുസരിച്ച് മാത്രമേ ഒഴിവ് നിർണ്ണയിക്കാനും, ഒഴിവുകൾ നികത്താനും കഴിയുകയുള്ളൂ. |
| (ഡി) | ഒഴിവുകൾ നികത്തുന്നതിനും കൊണ്ടുപോയ ബസ്സുകൾക്ക് പകരം ബസ്സുകൾ ലഭ്യമാക്കുന്നതിനും ഓപ്പറേറ്റിംഗ് സെന്റർ സുഗമമായി പ്രവർത്തിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**